# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഉളിക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.3/1889/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉളിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.3/1889/23 തീയ്യതി: 26/12/2023

## കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-02-2023 മുതൽ 03-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എ.ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2023 | 15-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-12-2023 | 15-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ. എം, ഓഡിറ്റ് ഓഫീസർ
(04-12-2023 മുതൽ 06-12-2023 വരെയും 12-12-2023 മുതൽ 15-12-2023 വരെയും)
ശ്രീ. മനോജ് കുമാർ ടി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (12-12-2023 വരെ)
ശ്രീ. ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
(04-12-2023 മുതൽ 06-12-2023 വരെയും 12-12-2023മുതൽ 15-12-2023 വരെയും)
ശ്രീമതി. നിഖില. എ.എം, ഓഡിറ്റർ (12-12-2023 വരെ)
ശ്രീ. ശ്രീനാഥ്. വി, ഓഡിറ്റർ (12-12-2023 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.സി.ഷാജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ബാബുജോസഫ്. വി | സെക്രട്ടറി | 01-04-2022 | 12-10-2022 |
| ശ്രീ. ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 13-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാലകൃഷ്ണൻ. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 24-11-2022 |
| ശ്രീമതി. മഞ്ജു. വി.വി | അസിസ്റ്റന്റ് സെക്രട്ടറി | 25-11-2022 | 03-01-2023 |
| ശ്രീമതി. മാലതി. പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 31-01-2023 | 31-03-2023 |
| ശ്രീ. ജ്യോതിഷ്ബാബു. കെ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അശ്വതി. പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. വിഷ്ണുരാജ്. പി | വി.ഇ.ഒ, നുച്യാട് സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീ. വിനീത്. കെ | വി.ഇ.ഒ, വയത്തൂർ സർക്കിൾ | 01-04-2022 | 31-03-2023 |
| ഡോ. രഞ്ജിത് മാത്യു | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. അനില. പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. സിന്ദൂര | വെറ്റിനറി സർജ്ജൻ | 01-04-2022 | 07-08-2022 |
| ഡോ. ജോൺസൺ പുതിയപറമ്പിൽ | വെറ്റിനറി സർജ്ജൻ | 08-08-2022 | 31-03-2023 |
| ശ്രീമതി. പ്രഭാവതി. പി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. സണ്ണി. ടി.ജെ | ഹെഡ് മാസ്റ്റർ | 01-04-2022 | 03-07-2022 |
| ശ്രീ. പ്രഭാകരൻ. പി | ഹെഡ് മാസ്റ്റർ | 04-07-2022 | 31-03-2023 |
| ഡോ. സുക്ഫാന ഷെമീറ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.ജിസ് ജോൺസൺ പുതിയപറമ്പിൽ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 17-10-2022 |
| ശ്രീമതി സ്മിത മാരാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 18-10-2022 | 31-03-2023 |
| ശ്രീമതി സരിത കെ.വി. | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

04.01.2023 മുതൽ 30.01.2023 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രിക | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ആസ്തി, ഡിപ്രീസിയേഷൻ - കണക്കുകൂട്ടിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല | 1-1-4 |
| 6 | ക്രമീകരിക്കാത്ത തുക ബി 18 ഷെഡ്യൂളിൽ രേഖപ്പെടുത്താതെ തെറ്റായ ഹെഡിൽ രേഖപ്പെടുത്തി | 1-1-5 |
| 7 | കൃത്യമായ വരവു ശീർഷകം രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബി 4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയത് യഥാർത്ഥ നീക്കിയിരിപ്പല്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി നിർവഹണം-അപാകങ്ങൾ. | 1-6-1 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | ഗ്രാമസഭ | 1-10 |
| 19 | മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല | 1-11 |
| 20 | കൂട്ടിച്ചേർക്കൽ വരുത്താൻ അനുമതി നൽകിയതും പെർമിറ്റ് കാലാവധി പൂർത്തിയായതുമായ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല | 1-12 |
| 21 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകം | 1-13 |
| 22 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല. | 1-14 |
| 23 | അനധികൃത കെട്ടിട നിർമ്മാണം-നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച | 1-15 |

| | | |
|---|---|---|
| 24 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം | 1-16 |
| 25 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-17 |
| 26 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് എടുത്ത കെട്ടിടങ്ങളുടെ എണ്ണം സഞ്ചയ സോഫ്റ്റ്‌വെയറുമായി പൊരുത്തപ്പെടുന്നില്ല | 1-18 |
| 27 | മെഷീൻ ഇൻസ്റ്റലേഷൻ ഫീസ്, റണ്ണിങ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല | 1-19 |
| 28 | പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -അപാകങ്ങൾ | 1-20 |
| 29 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ ലൈസൻസ് എടുത്തിട്ടില്ല | 1-21 |
| 30 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക ഈടാക്കുന്നതിലെ അപാകങ്ങൾ | 1-22 |
| 31 | ലേലം -അപാകതകൾ | 1-23 |
| 32 | തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം. | 1-24 |
| 33 | സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗവിവരം ഹാജരാക്കിയില്ല. ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 34 | ഐ.കെ.എം ന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 35 | എസ്.എസ്.കെ പഞ്ചായത്ത് വിഹിതം നൽകൽ -അനുബന്ധരേഖകൾ ലഭ്യമാക്കില്ല.₹20,00,000 തടസപ്പെടുത്തുന്നു. | 1-27 |
| 36 | എ.ബി.സി പ്രോഗ്രാം - തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 37 | സോളാർ ഫെൻസിംഗ് സ്ഥാപിക്കൽ - വിനിയോഗവിവരം ലഭ്യമാക്കിയില്ല.₹5,00,000തുക തടസ്സപ്പെടുത്തുന്നു. | 1-29 |
| 38 | സ്മാർട്ട് ഗാർബേജ് -പൂർത്തീകരണവിവരം ലഭ്യമാക്കിയില്ല.ചെലവ് തുക ₹204900 തടസപ്പെടുത്തുന്നു. | 1-30 |
| 39 | റിംഗ് കമ്പോസ്റ്റ് വിതരണം- പദ്ധതികളിലെ നിർവ്വഹണത്തിലെ അപാകങ്ങൾ - ₹16,56,820 തടസ്സപ്പെടുത്തുന്നു. | 1-31 |
| 40 | ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും കംപോസ്റ്റിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തൽ -₹6687 തടസ്സപ്പെടുത്തുന്നു. | 1-32 |
| 41 | സ്ത്രീ പദവി പഠനം-തുടർപ്രവർത്തനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-33 |
| 42 | മുറ്റത്തൊരു മീൻതോട്ടം-രേഖകൾ ലഭ്യമാക്കിയിട്ടില്ല-₹120000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |

| | | |
|---|---|---|
| 43 | മെഡിക്കൽ ഉപകരണങ്ങൾ ലഭിക്കുന്നതിൽ കാല താമസം-₹118635 തടസ്സപ്പെടുത്തുന്നു. | 1-35 |
| 44 | ജി.എസ്.റ്റി. കോമ്പൻസേഷൻ തെറ്റായി അനുവദിച്ചു. ₹4761യുടെ ചെലവ് നിരാകരിക്കുന്നു | 1-36 |
| 45 | വാഹനം വാടകയ്ക്ക് എടുക്കൽ-നടപടിക്രമങ്ങൾ പാലിച്ചില്ല. ₹151154യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-37 |
| 46 | ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ - രേഖകൾ ലഭ്യമാക്കിയില്ല. | 1-38 |
| 47 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല. | 1-39 |
| 48 | ഭവന പുനരുദ്ധാരണ പദ്ധതി അപാകങ്ങൾ | 1-40 |
| 49 | മരണശേഷവും പെൻഷൻ തുക അനുവദിച്ചു. | 1-41 |
| 50 | ഉളിക്കൽ പ്രൈമറി ഹെൽത്ത് സെന്റർ-ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കിയിട്ടില്ല | 1-42 |
| 51 | മരാമത്ത് പദ്ധതികളുടെ നിർവഹണം പൊതു അപാകങ്ങൾ | 1-43 |
| 52 | ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്. | 1-44 |
| 53 | പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി - വിവരം ലഭ്യമാക്കിയിട്ടില്ല. | 1-45 |
| 54 | വയോജന സംഗമം - ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല | 1-46 |
| 55 | എസ്.എൽ.ബി.പി. പദ്ധതി നിർവ്വഹണം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-47 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ജി.എസ്.റ്റി കോമ്പൻസേഷൻ തെറ്റായി അനുവദിച്ചു.₹4761 യുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ-വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06-07-2023 തീയതിയിലെ 65/2023 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 06-07-2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
26.12.2023.

### 1-1-1 ക്യാഷ് ഫ്ലോ പത്രിക

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, ചട്ടം 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ

വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം കാലികമാക്കിയ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-4 ആസ്തി, ഡിപ്രീസിയേഷൻ - കണക്കുകൂട്ടിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ ആസ്തി, ഡിപ്രീസിയേഷൻ ഇനങ്ങളിലുള്ള തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

### 1-1-5 ക്രമീകരിക്കാത്ത തുക ബി 18 ഷെഡ്യൂളിൽ രേഖപ്പെടുത്താതെ തെറ്റായ ഹെഡിൽ രേഖപ്പെടുത്തി

225/23, ആനപ്പാറ മുതൽ തൊട്ടിപ്പാലം വരെ ഹാംഗിംഗ് സോളാർ ഫെൻസിംഗ് എന്ന പദ്ധതി നിർവ്വഹണത്തിനായി കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ ₹500000 ക്രമീകരിക്കാതെയും B-18 ഷെഡ്യൂളിൽ രേഖപ്പെടുത്താതെയും ആസ്തിയായും ചെലവായും രേഖപ്പെടുത്തി.

### 1-1-6 കൃത്യമായ വരവ് ശീർഷകം രേഖപ്പെടുത്തിയിട്ടില്ല

B-4ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പ്രൊജക്ടിനായി ലഭിച്ച ₹248389 ഏതാവശ്യത്തിന് ലഭിച്ചതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

### 1-1-7 ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബി 4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയത് യഥാർത്ഥ നീക്കിയിരിപ്പല്ല.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ബി 4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയത് ബേസിക് ടാക്സ് ഗ്രാന്റിനത്തിൽ 950015/- രൂപയും ടൈഡ് ഫണ്ട് ഇനത്തിൽ 14301317/- രൂപയുമാണ് (ആകെ 15251332/- രൂപ). എന്നാൽ ബി 17 ഷെഡ്യൂൾ പ്രകാരം ആകെ നീക്കിയിരിപ്പ് 15310993/- രൂപയാണ്.

### 1-2 ബജറ്റ്

ഉളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 24-03-2022 തീയതിയിലെ 43/2022 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 14-03-2023 ലെ 30/2023 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 31910769 | 29564073 |
| വരവ് | 497199000 | 365636094 |
| ആകെ | 529109769 | 395200167 |
| ചെലവ് | 503706600 | 376303707 |
| നീക്കിയിരിപ്പ് | 25403169 | 18896460 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 31992075 |
| വരവ് | 81853975 |
| ആകെ | 113846050 |
| ചെലവ് | 66234607 |
| നീക്കിയിരിപ്പ് | 47611443 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 4761 |

| | |
|---|---|
| തടസ്സപ്പെടുത്തിയ തുക | 5085196 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 37370000 | 37370000 | 31604800 | 5765200 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1453000 | 1453000 | 1428627 | 24373 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 4293000 | 4293000 | 4278469 | 14531 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 13597000 | 13597000 | 1560398 | 12036602 |
| മെയിന്റനൻസ് ഫണ്ട്-റോഡിതരം | 0 | 8637000 | 8637000 | 5439079 | 3197921 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക്ക്(ബാങ്ക്) | -197715 | 6947475 | 6749760 | 5799745 | 950015 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക്ക് (ട്രഷറി) | 0 | 3652 | 3652 | 0 | 3652 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | 6417379 | 9755000 | 16172379 | 1871062 | 14301317 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ട്രഷറി) | 0 | 3004958 | 3004958 | 2151811 | 853147 |
| തൊഴിലുറപ്പ് പദ്ധതി | 2623 | 111251441 | 111254064 | 111246088 | 7976 |
| ടി എസ് സി | 545753 | 0 | 545753 | 0 | 545753 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 95987 | 1721700 | 1817687 | 470486 | 1347201 |
| ശുചിത്വമിഷൻ | 750901 | 450442 | 1201343 | 1158465 | 42878 |
| എസ് എസ് എ | 9877 | 0 | 9877 | 0 | 9877 |
| സാക്ഷരത ഗ്രാന്റ് | 6876 | 198 | 7074 | 0 | 7074 |
| എം പി ഫണ്ട് | 1130338 | 13591 | 1143929 | 1106820 | 37109 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് | 7887092 | 0 | 7887092 | 0 | 7887092 |
| പ്രത്യേക ഉദ്ദേശ്യ ഫണ്ട് സ്റ്റേറ്റ് സ്പോൺസേർഡ് | 277501 | 2280000 | 2557501 | 1161298 | 1396203 |
| ജലനിധി | 577985 | 455542 | 1033527 | 0 | 1033527 |
| പ്രത്യേക ഉദ്ദേശ്യ ഫണ്ട് മറ്റ് സ്ഥാപനങ്ങൾ | 370000 | 0 | 370000 | 0 | 370000 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 355923 | 355923 | 159018 | 196905 |
| ഹെൽത്ത് ഗ്രാന്റ്-വെൽനെസ്സ് സെന്റർ | 0 | 212946 | 212946 | 160000 | 52946 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 252 | 239412089 | 142 | 85446961 | 27 | 110 | 115 | 45.63 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 1568557 | 1417897 | 90.39 |
| വെറ്റിനറി സർജ്ജൻ | 7 | 7 | 6045500 | 2923000 | 48.35 |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്. സി | 9 | 8 | 6201651 | 4509856 | 72.72 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 225000 | 206997 | 91.99 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 750000 | 747864 | 99.71 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 300000 | 300000 | 100 |
| വി.ഇ.ഒ | 28 | 24 | 106881669 | 30263217 | 28.31 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 11 | 9855040 | 6974558 | 70.77 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 5616338 | 3625338 | 64.54 |
| സെക്രട്ടറി | 38 | 26 | 38761263 | 21527076 | 55.53 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 127 | 42 | 55717719 | 8792417 | 15.78 |
| ഹെഡ് മാസ്റ്റർ | 9 | 7 | 5091481 | 3791407 | 74.46 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 3 | 2397871 | 367334 | 15.31 |
| ആകെ | 252 | 142 | 239412089 | 85446961 | 35.69 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 2623 | 2023945 | 2026568 | 2018592 | 7976 |

| | | | | | |
|---|---|---|---|---|---|
| തൊഴിൽകൂലി + മെറ്റീരിയൽ | - | 109227496 | 109227496 | 109227496 | - |
| ആകെ | 2623 | 111251441 | 111254064 | 111246088 | 7976 |

## 1-6-1 എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി നിർവഹണം-അപാകങ്ങൾ.

ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ 2022-23വർഷത്തെ എം.ജി എൻ.ആർ.ഇ.ജി.എസ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) ജി.എസ്.ടി. ഈടാക്കിയില്ല.
ജി.എസ്.ടി ആക്ട് സെക്ഷൻ 51 അനുസരിച്ച് രണ്ടരലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്ന/സേവനം കൈപ്പറ്റുന്ന സംഗതികളിൽ ബില്ലിൽ /ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% നിരക്കിൽ ടി.ഡി.എസ്.ആയി ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ ഉളിക്കൽ ഗ്രാമ പഞ്ചായത്തിൽ മേൽപരാമർശിച്ചതു പ്രകാരമുള്ള പ്രവർത്തികളിൽ ഇപ്രകാരം തുക ഈടാക്കിയിട്ടില്ല.

2) ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല.
റോഡ് പ്രവൃത്തികളുടെ പൂർത്തീകരണത്തിനു ശേഷം ആസ്തി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-44/12-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4292600 | 358 |
| തൊഴിൽ രഹിത വേതനം | 4200 | 8 |
| വിധവാപെൻഷൻ | 15135600 | 1275 |
| വാർദ്ധക്യകാലപെൻഷൻ | 38241000 | 3482 |
| ഭിന്നശേഷി പെൻഷൻ | 4847200 | 420 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 641600 | 54 |
| വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-12-2023 തീയതിയിൽ രാവിലെ 11.30 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,157/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറേക്കൂടി മെച്ചപ്പെടേണ്ടതായിട്ടുണ്ട്. ആവിഷ്കരിച്ച പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. 2022-23 വർഷം 252 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും 142 എണ്ണം മാത്രമേ നടപ്പാക്കിയിട്ടുള്ളു. സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ ലഭിച്ച 13597000/- രൂപയിൽ 1560398/- രൂപയും മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഇനത്തിൽ ലഭിച്ച 8637000/- രൂപയിൽ 5439079/- രൂപയും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്താനുള്ള

നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. ഐ.എൽ.ജി.എം.എസ് വഴിയുള്ള ഫയൽ പ്രൊസസിങ്ങിലുള്ള പുരോഗതി വിലയിരുത്തുകയും പെൻഡിങ്ങ് ഫയലുകൾ തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കാൻ സെക്ഷനുകൾക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

### 1-10 ഗ്രാമസഭ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും 4 തവണ വീതം ഗ്രാമസഭാ യോഗങ്ങൾ ചേർന്നിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, ലൈഫ് പദ്ധതി അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, 2022-23വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### 1-11 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശികയുണ്ട്.

| വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥൻ | വാർഷിക നികുതി ₹ | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 12/591 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 8269 | 2019-20മുതൽ |

കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്നതിന് 2/5.12.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക ഈടാക്കാനായി കേസ് ഫയൽ ചെയ്തിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. കേസിന്റെ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

### 1-12 കൂട്ടിചേർക്കൽ വരുത്താൻ അനുമതി നൽകിയതും പെർമിറ്റ് കാലാവധി പൂർത്തിയായതുമായ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല

2017-18, 2018-19 എന്നീ വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ/ കാലാവധി | അധിക നിർമ്മാണ ത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ച തറ വിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 13/358 B | പുത്തേട്ട് ബാബു അബ്രഹാം | 66880/17-18 16.11.17 To 15.11.20 | GF(existing)-42.48 FF(existing)-52.98 GF(proposed)-34.06 | GF(existing) 76.55 |
| 2 | 5/420 | പാണ്ടികശാലയിൽ മുജീബ് റഹ്മാൻ പി | 59453/17-18 30.10.17 To 29.10.20 | GF(existing)-147.08 FF(existing)-9.04 FF(proposed)-55.65 | 65 |
| 3 | 14/380 | വെട്ടുവഴിയിൽ ബിജു | 159/17-18 19.08.17 To | GF(existing)-106.83 | GF(existing)-106.83 |

| | | | | | |
|---|---|---|---|---|---|
| | | | 18.08.20 | FF(proposed)-63.98 | |
| 4 | 12/617 C | വള്ളിക്കോട്ടുപറമ്പിൽ മഷ്ഹൂദ് | 55764/17-18 20.10.17 To 19.10.20 | GF(existing)-65.36 GF(proposed)-18.20 FF(proposed)-31.24 | GF(existing)-65.36 |
| 5 | 9/398 | മറ്റത്തിൽ ജെയ്സൺ എം, ജോൺ | 395/16-17 04.01.17 To 03.01.20 | GF(existing)-114.85 FF(proposed)-72.91 | GF(existing)-100 |
| 6 | 15/531 | മാടശ്ശേരിൽ റോയി | 388/16-17 04.01.17 To 03.01.20 | GF(existing)-63.77 FF(proposed)-36.42 | GF(existing)-42 |

ക്രമ നമ്പർ 1, 2, 5, 6 എന്നിവയിൽ നിലവിലുള്ള തറവിസ്തീർണ്ണത്തേക്കാൾ കുറഞ്ഞ തറ വിസ്തീർണ്ണത്തിനാണ് സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇതിൽ നിന്നും നികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിൽ അധിക നിർമ്മാണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാണ്. കൂടാതെ കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച പ്രസ്തുത കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്നും, അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്നും ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/6.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിന് 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം | ഇനം | നിർണ്ണയിക്കേണ്ട നികുതി നിരക്ക്/ ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 $M^2$ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 $M^2$ ന മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 $M^2$ വരെ വിസ്തീർണ്ണമുള്ള | 40 |

| | | |
|---|---|---|
| | സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 $M^2$നു മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 |

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉമസ്ഥന്റെ പേര് | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി (₹/M2) |
|---|---|---|---|---|---|
| 1 | എണ്ണമ്പ്രായിൽ ഷിജോ ജോർജ്ജ് | 11/153 To 162 | 18.88+18.88+18.29+18.88+17.67 +9.92+9.92+9.92+9.92+9.92 ആകെ : 142.2 | 40 | 50 |
| 2 | അയിത്താനത്ത് ജോസഫ് | 11/165 174 | 13.64+13.64+13.64+13.64+ 25.83+20.46+20.46 +20.46+20.46+3.42 ആകെ : 165.65 | 40 | 50 |
| 3 | ബിജോയി ഫ്രാൻസീസ് | 11/174 H I J K L M N | 19.97+19.97+19.97+19.97+ 19.97+19.97+19.97 ആകെ : 139.79 | 40 | 50 |
| 4 | എണ്ണമ്പ്രായിൽ മേരി | 11/174 A B C D E F G | 19.97+19.97+19.97+19.97+ 19.97+19.97+19.97 ആകെ : 139.79 | 40 | 50 |

മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (36/11.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽപട്ടികയിലെ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച്, നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി ചുമത്താതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

## 1-14 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത

ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്താവുന്നതാണെന്നും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്നും നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ചതുരശ്ര മീറ്ററിൽ അധികം വരികയാണെങ്കിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് (2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സാർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണയത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം ചില കെട്ടിടങ്ങളുടെ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. ഉദാഹരണം താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ.) | നിർമ്മാണ വസ്തു |
|---|---|---|---|
| നടുക്കണ്ടി കോട്ടകുന്നുംപുറത്ത് സാബിർ | 11/390 A, B, C, D, E, F, G, H, J, K, L | 368.3 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ Etc. |
| ഐരാണിത്തറ ജോയിക്കുട്ടി | 12/259 A, B, C, D, E, F, G, H, J, K | 365.64 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ Etc. |
| എണ്ണുമ്പ്രായിൽ ഷിബു ജോർജ്ജ് | 12/A, B, C, D, E, F, G, H, J | 589.68 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ Etc. |
| | 12/320 K, L, M, N, O, P, Q, R, S,T,U,V,W,X,Y,Z, Z1,Z2, Z3, Z4, Z5, Z6, Z7, Z8, Z9, Z10, Z11, Z12 | 919.09 | |
| കുഴിമണ്ണിൽ ജെയ് കെ.ടി.എഫ് | 12/392 A, B, C, D, E, F, G, H, J, K, L, M | 381.2 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ Etc. |
| തൈപ്പാടത്ത് വർഗ്ഗീസ് | 12/440 A, B, C, D, E, F, G, H, J, K<br>12/442 A, B, C | 391.86 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ Etc. |
| പുതിയടത്ത് താഴത്ത് ജോസഫ് | 12/591A, B, C, D, E, F, G, H, J, K, L, M | 344.96 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ Etc. |
| പുതുക്കുളയിൽ ഷിബു തോമസ് | 8/464 N To Z, Z1 | 354.55 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ Etc. |

പ്രസ്തുത വസ്തു നികുതി നിർണ്ണയത്തിൽ തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് സഞ്ചയ

സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് 36/11-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് (2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സാർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ രീതിയിലുള്ള മുഴുവൻ നിർമ്മാണങ്ങളും പരിശോധിച്ച് തറ നിർമ്മിതിക്കുള്ള വർധനവ് ബാധകമാകുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 1-15 അനധികൃത കെട്ടിട നിർമ്മാണം-നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്തു പരിധിയിൽ 16 അനധികൃത കെട്ടിടങ്ങളാണുള്ളത്.

| ക്രമ നമ്പർ | വാർഡ് /കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | കുടിശ്ശിക |
|---|---|---|---|
| 1 | 12/285/A | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 12/285/B | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 12/285/C | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 12/285/D | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 12/285/E | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 12/285/F | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 12/285/G | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |
| 8 | 12/285/H | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |
| 9 | 12/285/I | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |
| 10 | 12/285/J | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |
| 11 | 12/285/K | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |
| 12 | 12/285/L | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |
| 13 | 12/285/M | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |
| 14 | 12/285/N | ഫിറോസ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ |

1. അനധികൃത കെട്ടിടങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചതിന്റെ വിവരം, ഈ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെയും അവ പരിഹരിക്കപ്പെട്ടതിന്റെയും വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം

നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 628 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

കേരള പഞ്ചായത്ത് രാജ് ആക്ട് 235 Z പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ മേൽ ചുമത്തേണ്ട പിഴ സംബന്ധിച്ച് താഴെ പറയുന്ന പ്രകാരം വ്യവസ്ഥ ചെയ്യുന്നു.

ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ മാറ്റം വരുത്തലോ,

(എ) സെക്രട്ടറിയുടെ അനുവാദം കൂടാതെ ആരംഭിക്കുകയോ,

(ബി) അനുവാദത്തിന് ആധാരമായ സംഗതികൾ അനുസരിച്ചല്ലാതെ നടത്തിക്കൊണ്ടിരിക്കുകയോ പൂർത്തിയാക്കുകയോ,

(സി) ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥയോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ ബൈലോയ്ക്കോ നിയമാനുസൃതം നൽകിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശത്തിനോ ആവശ്യപ്പെടലിനോ വിരുദ്ധമായിട്ടോ നടത്തിക്കൊണ്ടിരിക്കുകയോ പൂർത്തിയാക്കുകയോ,

(ഡി) തൽസംബന്ധമമായി 235 എൻ വകുപ്പ് പ്രകാരം പുറപ്പെടുവിച്ച നോട്ടീസിൽ ആവശ്യപ്പെട്ടിരിക്കുന്ന മാറ്റമോ കൂട്ടിചേർക്കലോ യഥാവിധി വരുത്താതിരിക്കുകയോ,

(ഇ) തൽസംബന്ധമായി 235 ഡബ്ല്യു വകുപ്പ് പ്രകാരം സെക്രട്ടറി ഏതെങ്കിലും ആളിന് നൽകിയ നിർദ്ദേശം അനുസരിക്കുന്നതിൽ അയാൾ വീഴ്ച വരുത്തുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിന്റെ ഉടമസ്ഥനിൽ നിന്നോ അങ്ങനെയുള്ള ആളിൽ നിന്നോ, അതതു സംഗതിപോലെ, കുറ്റസ്ഥാപനത്തിൻമേൽ, ഒരു കെട്ടിടത്തെ സംബന്ധിച്ചാണെങ്കിൽ പതിനായിരം രൂപ വരെയാകാവുന്ന പിഴയും കുടിലിനെ സംബന്ധിച്ചാണെങ്കിൽ ആയിരം രൂപ വരെ ആകാവുന്ന പിഴയും കുറ്റം തുടർന്ന് പോകുന്ന ഓരോ ദിവസത്തിനും, കെട്ടിടത്തെസംബന്ധിച്ചാണെങ്കിൽ ആയിരം രൂപ വരെയും കുടിലിനെ സംബന്ധിച്ചാണെങ്കിൽ പത്ത് രൂപ വരെയും ആകാവുന്ന അധികം പിഴയും ഈടാക്കാവുന്നതാണ്.

എന്നാൽ, കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ, 235 ഡബ്ല്യു വകുപ്പ് പ്രകാരം ക്രമവത്ക്കരിക്കാവുന്നതും അപ്രകാരം സെക്രട്ടറി ക്രമവത്ക്കരിച്ചിട്ടുള്ളതാണെങ്കിൽ ഈ ഉപവകുപ്പ് പ്രകാരം യാതൊരാളെയും കുറ്റസ്ഥാപനം നടത്താൻ പാടുള്ളതല്ല.

ഇത് പ്രകാരം കെട്ടിടം നിർമ്മാണം ആരംഭിച്ചപ്പോഴോ, കെട്ടിട നിർമ്മാണം നടക്കുന്ന വേളയിലോ ഗ്രാമപഞ്ചായത്തിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാവുന്നത്. നിയമവിധേയമല്ലാത്ത നിർമ്മാണങ്ങൾ തടയുന്നതിനും സമയബന്ധിതമായ ഇടപെടലുകൾ അത്യാവശ്യമാണ്.

അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ചയുണ്ടായത് സംബന്ധിച്ച് 8/6-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 Z, സെക്ഷൻ 235 AA(1) എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി നടപടികൾ സ്വീകരിച്ച് തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം

ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപന വിവരം | വാർഡ്/കെട്ടിട നമ്പർ | സഞ്ചയയിൽ രേഖപ്പെടുത്തിയ ഉപയോഗക്രമം |
|---|---|---|---|---|
| 316 | ഗ്രേസ് ജോൺ | ആയുർവ്വേദ ചികിത്സാ കേന്ദ്രം | 20/362 | പാർപ്പിടാവശ്യം |
| 652 | ബിനു വി | ഹോളോബ്രിക്സ് | 14/397 C | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 77 | അബ്ദുൾ | ടെക്സ്റ്റൈയിൽസ് | 11/47 A | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| | റസാഖ് | | | |
| | | | 11/47 C | സഞ്ചയയിൽ ലഭ്യമല്ല |
| | | | 11/47 A C | സഞ്ചയയിൽ ലഭ്യമല്ല |
| 51 | ജോസഫ് | ടൈൽസ് ഷോപ്പ് | 13/149 A | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 81 | ബിബിൻ | സ്റ്റിച്ചിങ്ങ് സെന്റർ | 8/420 B | പാർപ്പിടാവശ്യം |
| 95 | ജോർജ്ജ് | സ്റ്റേഷനറി | 1/236, 237 | സഞ്ചയയിൽ ലഭ്യമല്ല |
| 96 | ലത | ഫ്ലോർ മിൽ | 4/ 555 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 97 | യൂനസ് | പലചരക്ക് | 17/137,138 | പാർപ്പിടാവശ്യം |
| 100 | ജോയൻ ജോസഫ് | കറി പൗഡർ | 16/433 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 125 | കെ ടി ചാക്കോ | സ്റ്റേഷനറി | 8/423 | പാർപ്പിടാവശ്യം |
| 127 | പി പി ബേബി | ഫ്ലോർ മിൽ | 1/238 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 308 | രാജപ്പൻ | ആയുർവേദ ചികിത്സ കേന്ദ്രം | 8/396 | പാർപ്പിടാവശ്യം |
| 346 | അസീസ് | ടെക്സ്റ്റൈയിൽസ് | 16/40 B | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| 582 | പ്രിൻസി | ആയുർവേദ ചികിത്സ | 15/118 | പാർപ്പിടാവശ്യം |

കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച് ഫീൽഡ് പരിശോധന റിപ്പോർട്ട് സമർപ്പിക്കേണ്ടതും ഉപയോഗക്രമം വ്യത്യസ്തമാണെങ്കിൽ ആയതിനനുസൃതമായ വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം ഉപയോഗക്രമം വ്യത്യസ്തമാവാനുള്ള കാരണം വ്യക്തമാക്കേണ്ടതും പ്രസ്തുത അപാകം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 45/12.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപയോഗക്രമം വ്യത്യസ്തമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിലൂടെ പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ വരുമാന ചോർച്ച ഉണ്ടാകുന്നതിനാൽ ലൈസൻസ് അനുവദിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമം പരിശോധിച്ച് ആവശ്യമാണെങ്കിൽ പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ ഉൽപ്പാദനം, സേവനം എന്നീ രണ്ടു മേഖലകളിലായി അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകളുണ്ട്.

1) ലൈസൻസ് എടുക്കുന്നതിനായി/പുതുക്കുന്നതിനായുള്ള അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം

ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ലൈസൻസ് ലഭിക്കുന്നതിനായുള്ള അപേക്ഷകളിൽ സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ ഫീസ് കണക്കാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല

2) ഭരണസമിതി അംഗീകരിച്ച വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 16/511 A, 15/332 നമ്പർ കള്ള്ഷാപ്പുകളും, 1/104, 12/314 നമ്പർ റേഷൻകടകളും മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മറ്റ് കള്ള്ഷാപ്പുകളും റേഷൻകടകളും ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/08.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് എടുത്ത കെട്ടിടങ്ങളുടെ എണ്ണം സഞ്ചയ സോഫ്റ്റ്‌വെയറുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനായി കെട്ടിട നമ്പർ നൽകിയ കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണവും വ്യത്യസ്തമാണ്. 1, 13 വാർഡുകളിലെ വാണിജ്യകെട്ടിടങ്ങളുടെ എണ്ണം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| വാർഡ് നം. | ലൈസൻസ് രജിസ്റ്റർ പ്രകാരം സ്ഥാപനങ്ങളുടെ എണ്ണം | സഞ്ചയ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം | |
|---|---|---|---|
| 1 | 134 | ഉപയോഗക്രമം | എണ്ണം |
| | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 173 |
| | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 81 |
| | | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 6 |
| | | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 8 |
| | | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 14 |
| | | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 8 |
| | | ആകെ | 290 |
| 13 | 57 | ഉപയോഗക്രമം | എണ്ണം |
| | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 124 |
| | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 57 |

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 22 |
| വാണിജ്യാവശ്യത്തിനുള്ളവ ബാങ്കുകൾ , പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 1 |
| അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 1 |
| വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 25 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 3 |
| ആകെ | 233 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/10.12.2023) മറുപടിയായി നിലവിൽ നിരവധി കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നതെന്ന് അറിയിച്ചിട്ടുണ്ട്. ആയത് തൃപ്തികരമല്ല. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കേണ്ടതും ആയതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നവയാണോയെന്ന് ഫീൽഡ് പരിശോധനയിലൂടെ ഉറപ്പ് വരുത്തേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-19 മെഷീൻ ഇൻസ്റ്റലേഷൻ ഫീസ്, റണ്ണിങ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന്മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ | അപാകത |
|---|---|---|---|---|---|
| 218 | സെബാസ്റ്റ്യൻ തോമസ് | സെന്റ് മേരീസ് ടിമ്പേർസ് | 9/481 | 38.5 HP | റണ്ണിങ് ഫീസ് (400 രൂപ) ഈടാക്കിയിട്ടില്ല. |
| 339 | ജയരാജൻ പി എം | പി എം ജി ഓയിൽ & ഫ്ലോർ മിൽ | 16/315 C | 10 HP | റണ്ണിങ് ഫീസ് (100 രൂപ) ഈടാക്കിയിട്ടില്ല. |
| 526 | ബിനു പി ടി | തനിമ ഓയിൽ & ഫ്ലോർ മിൽ | 9/417 K | 15.5 HP | പുതുതായി ലൈസൻസ് എടുത്ത സ്ഥാപനമാണ്. മെഷീൻ ഇൻസ്റ്റലേഷൻ ഫീസ് (200 രൂപ), റണ്ണിങ് ഫീസ് (200 രൂപ) എന്നിവ |

| | | | | | |
|---|---|---|---|---|---|
| | | | | | ഈടാക്കിയിട്ടില്ല. |
| 538 | ആഷിമോൻ പി ദിവാകരൻ | മെട്രോ കാർ വാഷ് സെന്റർ | 11/408 A | 9 HP | പുതുതായി ലൈസൻസ് എടുത്ത സ്ഥാപനമാണ്. മെഷീൻ ഇൻസ്റ്റലേഷൻ ഫീസ് (100 രൂപ) റണ്ണിങ് ഫീസ് (100 രൂപ) എന്നിവ ഈടാക്കിയിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/08.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുകകൾ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -അപാകങ്ങൾ

2021-22 വർഷത്തിലെ സ്വകാര്യ ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപങ്ങളുടെ റജിസ്ട്രേഷൻ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷത്തെ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപന ഉടമ | സ്ഥാപനം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | ജ്യോതിഷ് ഇ ജെ | ആശ്വാസ് പോളി ക്ലിനിക് | 11/304 To 308 |
| 2 | രജനി കെ ആർ | ഹരിതം പാരമ്പര്യ ആയുർവേദ ചികിത്സാ കേന്ദ്രം | 13/595 A |
| 3 | ടെസ്റ്റിൻ ആൻഡ്രൂസ് | അഖില കേരള പാരമ്പര്യ ചികിത്സാ കേന്ദ്രം | 15/118 |
| 4 | ഡോ നമിത ജോയി | സെന്റ് അൽഫോൺസ ഡെന്റൽ ക്ലിനിക് | 11/271 |
| 5 | ഡോ ദിനേശ് എൽ സുവർണ്ണ | ശ്രീകൃഷ്ണ പോളിക്ലിനിക് | 11/174 O,P,Q,R |
| 6 | ഡോ ലിസ്ബി ജോസ് | തേജസ് ഹോമിയോ ക്ലിനിക് | 1/243 I |
| 7 | ജിതിൻ മാത്യു | റിഹാബ് മാക്സ് ഫിസിയോ ഫിസിയോ തെറാപ്പി സെന്റർ | 12/57, 58 |
| 8 | പ്രിൻസ് പി ജോർജ്ജ് | ഐ ക്ലിനിക് & ഒപ്റ്റിക്കൽസ് | 1/296 |
| 9 | ഡോ മെൽബി മോൾ ആന്റണി | ഹോമിയോ ക്ലിനിക് | 13/578 C |

മേൽ സ്ഥാപനങ്ങൾ 2022-23 വർഷം പ്രവർത്തിച്ചിട്ടുണ്ടോയെന്നും സ്വകാര്യ ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് പുതുക്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/08.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരമുള്ള

പിഴയടക്കം ഒടുക്കി വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ ലൈസൻസ് എടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വിവിധ വ്യാപാര ആവശ്യങ്ങൾക്കായി വാടകയ്ക്ക് എടുത്തിട്ടുള്ള വിവിധ വ്യക്തികൾ തൻവർഷം സ്ഥാപനങ്ങൾ നടത്തുന്നതിലേക്കാവശ്യമായ ലൈസൻസ് എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/08.12.2023) മറുപടിയായി നിലവിൽ പ്രവർത്തിക്കാത്ത ഏതാനും സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം ലൈസൻസ് എടുക്കാൻ അവശേഷിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വ്യക്തിയുടെ പേര് | വാർഡ് നമ്പർ കെട്ടിട നമ്പർ |
|---|---|---|
| 1 | ഷാജി ജോർജ്ജ് | 12/26 |
| 2 | ജിജോ എം ജോർജ്ജ് | 12/28 |
| 3 | ഷാജി ജോർജ്ജ് | 12/29 |
| 4 | രാജു പി ജെ | 12/31 |
| 5 | മുജീബ് എൻ | 12/33 |
| 6 | ബിജു ജോസഫ് കെ ജെ | 12/37 |
| 7 | റിച്ചാർഡ് ജോസഫ് | 12/39 O |
| 8 | മുഹമ്മദ് റാഫി | 12/39 Q |
| 9 | ജോർജ്ജ് ജോസഫ് | 12/39 S |

മേൽ പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളാണെങ്കിൽ 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 255-ാം വകുപ്പ് പ്രകാരമുള്ള പിഴ ഉൾപ്പെടെയുള്ള ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക ഈടാക്കുന്നതിലെ അപാകങ്ങൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകങ്ങളുണ്ട്.

1) ചുവടെ ചേർത്ത മുറികളുടെ വാടകയിനത്തിൽ കുടിശ്ശികയുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കുടിശ്ശിക തുക (2022-23 വർഷം വരെ) |
|---|---|---|
| 1 | XII/39 U | 34,740 |
| 2 | XII/39 V | 18,528 |
| ആകെ | | 53,268 |

ഈ കുടിശ്ശിക 2019-20 സാമ്പത്തിക വർഷം മുതൽ നിലനിൽക്കുന്നുണ്ട്.

2) 12/39 J, 12/39 L, 12/39 M, 12/39 T, 12/39 U, 12/39 V നമ്പർ കെട്ടിടങ്ങൾ 2022-23 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയിട്ടില്ല.

3) വാടക ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/08.12.2023) മറുപടി നൽകിയിട്ടില്ല. കുടിശ്ശിക ഇനത്തിലുള്ള തുക ഒടുക്കു വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും, 2022-23 സാമ്പത്തിക വർഷം കെട്ടിടങ്ങൾ വാടകയ്ക്കു നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്. രേഖകളോടൊപ്പം വാടക ബൈലോയുടെ പകർപ്പ് കൂടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 ലേലം -അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം നടന്ന ലേലങ്ങളുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത

അപാകതകളുണ്ട്.

1) ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഉളിക്കൽ ബസ്സ്റ്റാന്റിൽ നിന്ന് ഫീസ് പിരിക്കുന്നതിനുള്ള അവകാശം 2022-23 വർഷം ലേലം ചെയ്ത് നൽകിയിട്ടില്ല.

2) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മത്സ്യ, മാംസ മാർക്കറ്റിലെ കെട്ടിടങ്ങൾ 2022-23 വർഷം വാടകയ്ക്കായി ലേലം ചെയ്ത് നൽകിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/08.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷം മത്സ്യ മാർക്കറ്റ്, ബസ് സ്റ്റാന്റ് എന്നിവ ഏത് രീതിയിലാണ് പ്രവർത്തിച്ചത് എന്ന് അറിയിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-24 തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള നടപടികളും തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വസ്തു നികുതി സംബന്ധിച്ചും വസ്തു നികുതി പുരോഗതി സംബന്ധിച്ചും ചർച്ച ചെയ്തിട്ടുണ്ട്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

I. വസ്തു നികുതി

സ.ഉ(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് പുതിയ വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (69/23/07-07-2023). നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. 01-06-2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

II. അനധികൃത നിർമ്മാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവത്ക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. ഇത്തരത്തിൽ തനത് വരുമാനവർദ്ധവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആയതിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 628 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ

കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവത്ക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

III. സേവന ഉപനികുതി

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

IV. തൊഴിൽനികുതി.

ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ ഫാക്ടറികൾ,വ്യാപാരങ്ങൾ, സംരംഭങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്കായുള്ള ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ലൈസൻസ് ലഭിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാത്ത കേസുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ നികുതിക്ക് വിധേയമായ വരുമാന പരിധിയിൽ വരുന്ന ആരും തന്നെ നികുതി ഒടുക്കാതെ ഒഴിവായിപ്പോകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

V. FTE&OS (Factory, Traders, Enterprenurship & Other Services) ലൈസൻസ്

FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ (കൈ) നം. 84/22 തസ്വഭവ തീയതി 19-04-2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തേണ്ടതാണ്.

## 1-25 സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗവിവരം ഹാജരാക്കിയില്ല. ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 304/23, സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹177000(വികസനഫണ്ട്-ജനറൽ) |
| ചെലവ്-ബിൽ നമ്പർ & തീയ്യതി | ₹177000-239/ 28-02-2023 |

ഗ്രാമപഞ്ചായത്തിലെ മാലിന്യം കൂടുതലായി നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിച്ച് മാലിന്യം നിക്ഷേപം നിയന്ത്രിക്കുന്നതിനും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിലേക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്.ജില്ലാ കളക്ടറുടെ 13.01.23 ലെ 444/2022-23/ഡി പി സി/ഡി പി ഒ/കെഎൻആർ കത്തിലെ നിർദ്ദേശ പ്രകാരം തദ്ദേശ സ്ഥാപന ഓഫീസ് കേന്ദ്രീകരിച്ച് അടിസ്ഥാന ഇന്റർകണക്ടിവിറ്റി സൗകര്യങ്ങളും ഒരു 4MP നെറ്റ് വർക്ക് ക്യാമറയും 300VA പവർ ഓപ്റ്റിമൈസറും അടങ്ങുന്ന സംവിധാനങ്ങൾ ഒരുക്കുന്നതിന് മേൽ പദ്ധതിയിൽ വകയിരുത്തിയ തുക കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട് (2022-23 വർഷം പദ്ധതിയുടെ ഒന്നാംഘട്ടമായി പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ പ്രവർത്തന ചെലവ്).പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം, തുകയുടെ വിനിയോഗ വിവരം, പ്രവൃത്തി മോണിറ്റർ ചെയ്തതിന്റെ റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറിക്ക് (നം 12/06-12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ ₹177000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ഐ.കെ.എം ന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- ₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നം. പേര് | 87/23, ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹100000 (വികസനഫണ്ട് ജനറൽ) |
| ബിൽ നം./തീയതി | ₹100000-81/ 13-09-2022 |

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷം ഐ കെ എം എക്സിക്യൂട്ടീവ് ഡയരക്ടറുടെ അക്കൗണ്ടിലേക്ക് ₹100000 ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/06-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ ₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 എസ്.എസ്.കെ പഞ്ചായത്ത് വിഹിതം നൽകൽ -അനുബന്ധരേഖകൾ ലഭ്യമാക്കില്ല.₹20,00,000 തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 97/23,എസ്.എസ്.കെ പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | ₹20,00,000 വികസന ഫണ്ട് |
| ചെലവ് | ₹20,00,000-79/ 13-09-2022 |

സ.ഉ.(കൈ) 84/2022/തസ്വഭവ/19.04.22, ഖ8.6.3 പ്രകാരം സമഗ്ര ശിക്ഷാ കേരളം കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രൊജക്ട് പൂർത്തിയായ ശേഷം വിശദാംശങ്ങൾ തദ്ദേശഭരണസ്ഥാപനത്തിന് നൽകേണ്ടതാണ്. ഖ. 8.6.4 പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ എസ് എസ് കെ പ്രൊജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതതു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ എസ് എസ് കെ പ്രൊജക്ട് ഓഫീസർ അറിയിക്കണം. വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എസ്.എസ്.കെ കണ്ണൂർ ജില്ലാ പ്രോജക്ട് കോ ഓർഡിനേറ്ററുടെ 27-07-2022 ലെ കത്തിലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ആകെ ആവശ്യപ്പെട്ട ₹ 2778763 യിൽ 2000000 രൂപയാണ് എസ് എസ് കെ കണ്ണൂർ ജില്ലാ പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഇതിൽ ₹ 1149843 31-03-2022 വരെയുള്ള വർഷത്തെ കുടിശിക ഡിമാൻഡ് തുകയാണ് എന്നാണ് ടി കത്തിൽ പരാമർശിച്ചിട്ടുള്ളത് . എസ് എസ് കെ കുടിശിക ആയി പരാമർശിച്ച തുകയുടെ ആധികാരികത ഉറപ്പു വരുത്തുവാൻ ആവശ്യമായ രേഖകൾ, കാലികമായി വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിച്ചതിന്റെ രേഖകൾ,എസ് എസ് കെ കുടിശിക ആയി പരാമർശിച്ച തുകയുടെ ആധികാരികത ഉറപ്പു വരുത്തുവാൻ ആവശ്യമായ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (13/06-12-2023) മറുപടിയോടൊപ്പം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മറ്റ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹20,00,000 തടസപ്പെടുത്തുന്നു.മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച വിധത്തിലുള്ള പദ്ധതി

നടത്തിപ്പിന്റെ വിശദമായ മോണിറ്ററിംഗ് റിപ്പോർട്ടും എസ് എസ് കെ കുടിശിക ആയി പരാമർശിച്ച തുകയുടെ ആധികാരികത ഉറപ്പു വരുത്തുവാൻ ആവശ്യമായ രേഖകളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 എ.ബി.സി പ്രോഗ്രാം - തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 268/23, എ.ബി.സി പ്രോഗ്രാം |
| അടങ്കൽ | 50000 (വികസനഫണ്ട് ) |
| ചെലവ്-ബിൽ നമ്പർ & തീയതി | ₹50000- 238/28-02-2023 |

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി പദ്ധതി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതമായി ₹50000 കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 09/06-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹50000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 സോളാർ ഫെൻസിംഗ് സ്ഥാപിക്കൽ - വിനിയോഗവിവരം ലഭ്യമാക്കിയില്ല.₹5,00,000തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നം. & പേര് | 225/2023, ആനപ്പാറ മുതൽ തൊട്ടിപ്പാലം വരെ ഹാഗിംഗ് സോളാർ ഫെൻസിംഗ് |
| അടങ്കൽ | 500000 (വികസനഫണ്ട് )<br>500000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>3500000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ – ₹4500000 |
| ചെലവ് | ₹500000- 236/28-02-2023 (വികസന ഫണ്ട്) |

ഗ്രാമപഞ്ചായത്ത് വനാതിർത്തിയിൽ വന്യമൃഗശല്യം പരിഹരിക്കുന്നതിനായി ആനപ്പാറ മുതൽ തൊട്ടിപ്പാലം വരെ 14.5 കിലോ മീറ്റർ ദൂരത്തിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് വിഹിതം ₹500000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹500000, ജില്ലാ പഞ്ചായത്ത് വിഹിതം ₹3500000 ആകെ ₹4500000 വകയിരുത്തിയിട്ടുണ്ട്. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ ₹5,00,000 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി & ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ ഡിവിഷന് കൈമാറിയിട്ടുണ്ട് പ്രവൃത്തി ആരംഭിച്ചതിന്റെ വിവരവും ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായതിന്റെ വിവരവും പദ്ധതിയുടെ പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/06-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹5,00,000 തടസപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 സ്മാർട്ട് ഗാർബേജ് -പൂർത്തീകരണവിവരം ലഭ്യമാക്കിയില്ല.ചെലവ് തുക ₹204900 തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം./ പേര് | 261/23, സ്മാർട്ട് ഗാർബേജ് |
| അടങ്കൽ | ₹230000 (വികസന ഫണ്ട്) |
| ചെലവ്, ബിൽ നമ്പർ, തിയ്യതി | ₹204900, 224/ 23-02-2023 |

ജി ഒ (ആർ ടി) നം.2307/2021/എൽ.എസ്.ജി.ഡി തീയതി 18.11.2021 പ്രകാരം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനും പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി മേല്പറഞ്ഞ പ്രകാരം സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കി ക്യു.ആർ കോഡ് പ്രിന്റിംഗ് ചാർജ്ജ് ₹12000, സർവ്വീസ് ചാർജ്ജ് ₹135700, SMS ചാർജ്ജ് ₹7200, ലാപ് ടോപ്പിന് വേണ്ടി 50000 എന്നിങ്ങനെ കെൽട്രോണിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. സർക്കാർ ലക്ഷ്യമിട്ട മാതൃകയിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം ഗ്രാമപഞ്ചായത്തിൽ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് കെൽട്രോണിൽ നിന്നും ലഭിച്ചിട്ടുള്ള പൂർത്തീകരണസാക്ഷ്യപത്രവും യൂസർ ഫീസ് വാങ്ങുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾക്കായുള്ള QR കോഡ് സംവിധാനം എത്ര ഇടങ്ങളിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട് എന്നുള്ള വിവരവും ലാപ്പ് ടോപ്പ് സ്റ്റോക്കിലെടുത്തതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/06-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം ഗ്രാമപഞ്ചായത്തിൽ പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹204900 തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രവും യൂസർ ഫീസ് വാങ്ങുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾക്കായുള്ള QR കോഡ് സംവിധാനം എത്ര ഇടങ്ങളിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട് എന്നുള്ള വിവരവും ലാപ്പ് ടോപ്പ് സ്റ്റോക്കിലെടുത്തതിന്റെ വിവരവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 റിംഗ് കമ്പോസ്റ്റ് വിതരണം- പദ്ധതികളിലെ നിർവ്വഹണത്തിലെ അപാകങ്ങൾ - ₹16,56,820 തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | | വി ഇ ഒ, നച്യാട് സർക്കിൾ | |
|---|---|---|---|
| പ്രൊജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
| 49/23 | റിംഗ് കമ്പോസ്റ്റ് (വ്യക്തി ഗതം) - സ്പിൽ ഓവർ | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) - ₹3,90,000,<br>സംസ്ഥാനാവിഷ്കൃത ഫണ്ട് - ₹1,95,000,<br>മറ്റുള്ളവ - ₹65,000<br>ആകെ - ₹6,50,000 | വൗച്ചർ നം. 40 തീയതി 30.06.2022 ₹1,95,000<br>വൗച്ചർ നം.97 തീയതി 11.10.2022 ₹3,89,220<br>ഗുണഭോക്തൃ വിഹിതം - ₹65,000<br>ആകെ ₹6,49,220 |
| 50/23 | റിംഗ് കമ്പോസ്റ്റ് രണ്ടാം ഘട്ടം (വ്യക്തിഗതം) - സ്പിൽ ഓവർ | കേന്ദ്രാവിഷ്കൃത ഫണ്ട് - ₹9,16,000,<br>മറ്റുള്ളവ - ₹91,600 | വൗച്ചർ നം. 272 തീയതി 10.03.2023 |

| | | | |
|---|---|---|---|
| | | ആകെ - ₹10,07,600 | ₹9,16,000<br>വൗച്ചർ നം. 273 തീയതി 10.03.2023 ₹91,600<br>ആകെ ₹10,07,600 |

പ്രൊജക്ട് നം.49/23ന്റെ ഭാഗമായി 260 എണ്ണം റിംഗ് കമ്പോസ്റ്റുകൾ സൂര്യ ഡിസ്ട്രിബ്യൂട്ടേർസ്, തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും പ്രൊജക്ട് നം 50/23 ന്റെ ഭാഗമായി 340 എണ്ണം റിംഗ് കമ്പോസ്റ്റുകൾ സോഷ്യോ എക്കണോമിക് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/10.12.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതികളുടെ ഭാഗമായി വാങ്ങിയ 600 റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. സ.ഉ(എം എസ്)നം.13/2015/ഐടിഡി തീയതി 12.05.2015 പ്രകാരം 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾക്ക് ഇ ടെണ്ടർ സമാഹരണ രീതി അവലംബിക്കേണ്ടതാണ്. എന്നാൽ മേൽ പർച്ചേസുകൾ നടത്തിയിട്ടുള്ളത് ഓപ്പൺ ടെണ്ടർ മുഖേനയാണ്. പദ്ധതി നടപ്പിലാക്കുന്ന സന്ദർഭത്തിൽ ഇ ടെണ്ടർ ചെയ്യുന്നതിനുള്ള ലോഗിൻ, പാസ്‌വേർഡ് എന്നിവ ലഭ്യമാകാതിരുന്നതിനാലാണ് ഓപ്പൺ ടെണ്ടർ മുഖേന പർച്ചേസ് നടത്തിയതെന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ഭാവിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പഞ്ചായത്തിലെ എതൊക്കെ വാർഡുകളിലായി എത്ര എണ്ണം റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അതാത് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഇല്ല.
അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹16,56,820 തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും കംപോസ്റ്റിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തൽ -₹6687 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ, നുച്യാട് സർക്കിൾ |
| പദ്ധതിയുടെ പേര് | ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും കംപോസ്റ്റിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തൽ - സ്പിൽ ഓവർ |
| പ്രൊജക്ട് നം | 48/23 |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് - ₹70,000<br>സംസ്ഥാനാവിഷ്കൃത ഫണ്ട് ₹30,000<br>ആകെ - ₹1,00,000/- |
| ചെലവ് | ബിൽ നമ്പർ 38 തീയതി 30.06.2022 ₹69,880 |

പദ്ധതിയുടെ ഭാഗമായി 40 എണ്ണം റിംഗ് കമ്പോസ്റ്റുകൾ ഒരെണ്ണത്തിന് ₹2229 നിരക്കിൽ സൂര്യ ഡിസ്ട്രിബ്യൂട്ടേർസ്,

തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ബാക്കി തുക 2023-24 വർഷമാണ് നൽകിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/10.12.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. അംഗൻവാടി ഉളിക്കൽ ട്രൈബൽ, തേർമല അംഗൻവാടി, സെന്റ് സെബാസ്റ്റ്യൻ എൽ പി സ്കൂൾ നെല്ലിക്കാംപൊയിൽ എന്നീ സ്ഥാപനങ്ങൾ റിംഗ് കമ്പോസ്റ്റുകൾ കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് സ്ഥാപനമേധാവികളുടെ കൈപ്പറ്റ് രശീതുകൾ ലഭ്യമാക്കിയിട്ടില്ല.

2. റിംഗ് കമ്പോസ്റ്റുകളുടെ ഗുണനിലവാരം പർച്ചേസ് കമ്മറ്റി പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ പട്ടിക ലഭ്യമാക്കിയിട്ടില്ല.

4. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങളുടെ അടിസ്ഥാനത്തിൽ കൈപ്പറ്റ് രശീതുകൾ ലഭ്യമാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് വിതരണം ചെയ്ത 3 റിംഗ് കമ്പോസ്റ്റുകളുടെ വിലയായ ₹6687 തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 സ്ത്രീ പദവി പഠനം-തുടർപ്രവർത്തനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ , പേര് | 104/23, സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹100000- വികസന ഫണ്ട് , ജനറൽ<br>₹25000-ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്<br>₹200000-ജില്ലാ പഞ്ചായത്ത് ഫണ്ട്<br>ആകെ- ₹ 325000 |
| ചെലവ് | ₹14430, വികസന ഫണ്ട് , ജനറൽ |
| തുക, ബിൽ നമ്പർ/തീയതി | ₹14430 ബിൽ നമ്പർ 352/24-03-23 |

സ്ത്രീപദവി പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി വാർഡുതല ടീമിന് പരിശിലനം നൽകുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടി 2022-23 സാമ്പത്തിക വർഷം വാർഡ് തല പഠന സംഘങ്ങൾക്ക് പരിശീലനം നല്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. (ഭക്ഷണച്ചെലവ് - ₹7350, ബാനർ - ₹400, ക്ലാസ് എടുത്തവർക്കുള്ള പ്രതിഫലം - ₹3800, നോട്ട്പാഡ്, പെൻ ₹2880)

പദ്ധതിയുമായി ബന്ധപ്പെട്ട് വാർഡ്തല പഠന സംഘങ്ങളുടെയും തുടർപ്രവർത്തനങ്ങളുടെയും വിവരങ്ങളും നിലവിൽ പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/06-12-2023) 2022-23 വർഷം വാർഡ്തല ടീമിന് പരിശീലനം നൽകുക മാത്രമാണ് എന്നും 2023-24 വർഷത്തെ പദ്ധതിയിലാണ് സ്ത്രീ പദവ പഠന സർവെയും ക്രോഡീകരണവും നടത്തുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ തുടർപ്രവർത്തന വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-34 മുറ്റത്തൊരു മീൻതോട്ടം-രേഖകൾ ലഭ്യമാക്കിയിട്ടില്ല-₹120000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ. |
| പ്രോജക്റ്റ് നമ്പർ, പേര് | 108/2023, മുറ്റത്തൊരു മീൻതോട്ടം |
| അടങ്കൽ | ₹120000 വികസന ഫണ്ട്, ജനറൽ<br>₹180000 ഗുണഭോക്തൃ വിഹിതം (നേരിട്ട)<br>ആകെ- ₹300000 |
| ചെലവ് | ₹120000 വികസന ഫണ്ട്, ജനറൽ<br>₹180000 ഗുണഭോക്തൃവിഹിതം (നേരിട്ട്)<br>ആകെ- ₹300000 |
| ബിൽ നമ്പർ, തീയതി | 214/17-02-2023, ₹80000<br>418/31-03-2023. ₹40000 |

| | |
|---|---|
| | ആകെ-₹120000 |

മത്സ്യം വളർത്തുന്നതിനായി 20 ചതുരശ്ര മീറ്റർ സ്ഥലത്ത് കുളം കുഴിക്കുന്നതിനും, പോളിത്തീൻ ഷീറ്റ്, അനുബന്ധ വസ്തുക്കൾ, പമ്പുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമായി ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതിനായി തയ്യാറാക്കിയതാണ് മേൽ പ്രോജക്ട്. മേൽ പ്രോജക്ട് പ്രകാരം 15 ഗുണഭോക്താക്കൾക്ക് ₹ 8000 വീതം ആകെ ₹120000 സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി.28.05.22 ഖണ്ഡിക 6-4 ലെ ഉപഖണ്ഡിക 13 A(4) പ്രകാരം കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തണമെന്നും തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതത് യൂണിറ്റിൽ കുറവ് വരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാധ്യത പഞ്ചായത്ത് പ്രയോജനപ്പെടുത്തിയിട്ടില്ല. ധനസഹായം അനുവദിച്ച ഗുണഭോക്താക്കൾക്ക് കുളം നിർമ്മാണത്തിന് അർഹമായ മുഴുവൻ തുകയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്. കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കാനും ധനസഹായം അനുവദിക്കപ്പെട്ട യൂണിറ്റുകൾ നിലവിൽ തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കാനും, തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആയിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്കായി ലഭ്യമാക്കാനും ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (46/13-12-2023) മറുപടി നല്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹120000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ മറുപടിയും രേഖകളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 മെഡിക്കൽ ഉപകരണങ്ങൾ ലഭിക്കുന്നതിൽ കാല താമസം-₹118635 തടസ്സപ്പെടുത്തുന്നു.

ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ഉളിക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട് മെഡിക്കൽ സർവീസസ് കോർപ്പറേഷനിനിൽ നിന്നും വിവിധ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിക്കുന്നതിന് അഡ്വാൻസ് നൽകിയിരുന്നു. എന്നാൽ കൈമാറിയ തുകയ്ക്കുള്ള ഉപകരണങ്ങൾ ഇനിയും ലഭിക്കാൻ അവശേഷിക്കുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) പെയിൻ & പാലിയേറ്റീവ്

പെയിൻ & പാലിയേറ്റീവ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് അഡ്വാൻസ് നൽകിയിരുന്നു. ₹39775യുടെ ഉപകരണങ്ങൾ ഇനിയും ലഭിക്കാനുണ്ട്. ലഭിച്ചതും ലഭിക്കാനുള്ളതുമായ ഉപകരണങ്ങളുടെ തുക സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നമ്പർ, പേര് അടങ്കൽ, ചെലവ് | അഡ്വാൻസ് നൽകിയ തുക | ബിൽ നമ്പർ, തീയതി | ലഭിച്ച ഉപകരണങ്ങൾ (തുക) & ഇൻവോയ്സ് നമ്പർ | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| പ്രോജക്ട് നമ്പർ-16/23<br>പെയിൻ & പാലിയേറ്റീവ്<br>അടങ്കൽ-₹2010060<br>(₹1010060-വികസന ഫണ്ട് പൊതു വിഭാഗം ₹1000000 | ₹ 400000 | 215/17-2-2023 | 360225 വിശദാംശങ്ങൾതാഴെ ചേർക്കുന്നു.<br>1) ₹14647 (7247/2-6-23)<br>2)₹ 11889 (7489/3-6-23)<br>3)₹ 40250 (8452/10-06-2023)<br>4) ₹53863 | ₹ 39775 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം)<br>ചെലവ്-₹ 954157 വികസന ഫണ്ട് പൊതു വിഭാഗം | | | (9271/15-06-2023<br>5)₹ 153087 (9275/15-06-2023)<br>6) ₹4693<br>(9277/15-06-2023)<br>7) ₹ 39848 (9480/16-6-23<br>8) ₹4888 (9622/17-06-2023)<br>8) ₹ 1181 (15367/8-8-2023)<br>9) 10584 (15694/11-08-2023<br>10) ₹23466 (16507/19-08-2023)<br>11) ₹1829 (21680/25-11-2023) | |

2) പി.എച്ച്.സി.യിലേക്കുള്ള മെഡിക്കൽ ഉപകരണങ്ങൾ

താഴെ ചേർക്കുന്ന പ്രോജക്ട് പ്രകാരം വിവിധ മെഡിക്കൽ ഉപകരണങ്ങൾ ലഭിക്കുന്നതിനായി മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക കൈമാറിയിരുന്നു. എന്നാൽ ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചില്ല. ലഭിക്കാനുള്ള ഉപകരണങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ നമ്പർ, പേര് അടങ്കൽ, ചെലവ് | ഉപകരണങ്ങൾക്ക് അഡ്വാൻസ് നൽകിയ തുക | ബിൽ നമ്പർ, തീയതി | ലഭിച്ച ഉപകരണങ്ങൾ തുക & ഇൻവോയിസ് നമ്പർ | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ-259/23<br>ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ<br>അടങ്കൽ-349591 ഹെൽത്ത് ഗ്രാന്റ്. ചെലവ്-159018 | ₹ 159018 | 1)244/1-3-23/ ₹99628<br>2) | 68810<br>1) 22730/18-10-2023/ ₹ 49896<br>2)6900/9-6-23/ ₹18914 | 30838 |

| | | | | | |
|---|---|---|---|---|---|
| 2 | ടി | ടി | 324/21-3-23/ ₹30989 | - | ₹30989 |
| 3 | ടി | ടി | 325/21-3-23/ ₹28401 | ₹ 11348 (6897/9-6-23) | ₹17053 |
| ആകെ തുക | | 159018 | 159018 | 80158 | 78860 |

ഉപകരണങ്ങൾ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-27/8-12-2023) മറുപടി നൽകിയിട്ടില്ല. ₹118635യുടെ (39775 +78860) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ജി.എസ്.റ്റി. കോമ്പൻസേഷൻ തെറ്റായി അനുവദിച്ചു. ₹4761യുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| പ്രോജക്ട് നമ്പർ | 63/23 |
| പ്രോജക്ടിന്റെ പേര് | പേരട്ട കല്ലം തോട് കോളനി തേർമല കംഭം കോട് കോളനി കുടി വെള്ള പദ്ധതികൾക്ക് മോട്ടോറും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ (SO) |
| അടങ്കൽ | ₹163777 വികസന ഫണ്ട് ടി.എസ്.പി |
| ചെലവഴിച്ച തുക | ₹162833 |
| എം ബുക്ക് നമ്പർ | 67/21-22 |
| കരാറുകാരൻ | ശ്രീ.കെ.എസ്. ജോസഫ് |
| എസ്റ്റിമേറ്റ് തുക | ₹400000 |
| പ്രവൃത്തി മൂല്യം | ₹356300.31 |
| മുൻ വർഷം നൽകിയ തുക | ₹236223 |
| തൻവർഷം അനുവദിച്ച തുക | ₹162833 |
| ബിൽ നമ്പർ/ തീയതി | 19/07-06-2022/₹162833 |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി മോട്ടോർ, അനുബന്ധ സാമഗ്രികൾ എന്നിവ എ.കെ. ബ്രദേഴ്സ്, ഇരിട്ടി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന്റെ ബില്ലുകൾ കരാറുകാരൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ₹39675 കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | D/132/6-01-2022 | 19600 |
| 2 | D/133/6-01-2022 | 17400 |
| 3 | C/1419/26-01-2022 | 2675 |
| ആകെ | | 39675 |

ജി.എസ്.റ്റി. ഉൾപ്പെടെയുള്ള ബിൽ ആണ് കരാറുകാരൻ ഹാജരാക്കിയത്. എന്നിട്ടും ടിയാന് പ്രവൃത്തി തുകയുടെ ബില്ലിൽ ഈ തുക കൂടി കൂട്ടിച്ചേർത്ത തുകയ്ക്ക് 12% ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചിരിക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 356300.31 |
| മോട്ടോർ & അനുബന്ധ വസ്തുക്കൾ ഒഴികെയുള്ള പ്രവൃത്തി മൂല്യം (356300.31-39675) | 316625.31 |
| പ്രസ്തുത തുകയ്ക്ക് കണക്കാക്കാവുന്ന ജി.എസ്.റ്റി | 37995 |
| അനുവദിച്ച ജി.എസ്.റ്റി തുക | 42756.04 |
| അധികം നൽകിയ തുക (42756-37995) | 4761 |

അനർഹമായി തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-3/05-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹4761 ഓഡിറ്റിൽ നിരാകരിക്കുന്നു. കരാറുകാരനിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ പ്രസ്തുത തുക ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

## 1-37 വാഹനം വാടകയ്ക്ക് എടുക്കൽ-നടപടിക്രമങ്ങൾ പാലിച്ചില്ല. ₹151154യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിന്റെ വാഹനം തകരാറിലായി അറ്റകുറ്റപ്പണികൾക്കായി വർക്ക് ഷോപ്പിലായിരുന്ന താഴെ കൊടുത്ത ദിവസങ്ങളിൽ KL.59Q 7132 ഇന്നോവ ക്രിസ്റ്റ വാഹനം വാടകയ്ക്ക് എടുത്തതിന് ജസ് ലറ്റ് ആന്റണി എന്ന വ്യക്തിക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക | വാഹനം വാടകയ്ക്ക് എടുത്ത ദിവസങ്ങൾ |
|---|---|---|---|---|
| 1 | 22200458 | 25-08-2022 | 26412 | 04-07-2022 To 23-07-2022 |
| 2 | 22200293 | 08-07-2022 | 29552 | 02-04-2022 To 09-05-2022 |
| 3 | 22200543 | 17-09-2022 | 95190 | 22-06-2022 To 12-09-2022 |
| | | | 151154 | |

സ്വന്തമായി വാഹനമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അത്യാവശ്യ ഘട്ടങ്ങളിൽ വാഹനം വാടകക്ക് ഉപയോഗിക്കുന്നതിന് അനുമതി നല്കിയ 16.11.2016 ലെ സ.ഉ(സാധാ)നം. 3108/2016/തസ്വഭവ നമ്പർ ഉത്തരവിൽ വാഹനം വാടകക്ക് എടുക്കുന്നത് ഏറ്റവും കുറഞ്ഞ കിലോമീറ്റർ ചാർജിൽ മാസ വാടക നിരക്കിൽ സുതാര്യമായ നടപടിക്രമങ്ങളിലൂടെ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വാഹനം വാടകക്ക് എടുത്തത് സുതാര്യമായ നടപടിക്രമങ്ങളിലൂടേയാണെന്ന് തെളിയിക്കുന്ന യാതൊരു രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്വന്തമായി വാഹനമില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും പ്രതിവർഷം ചെലവഴിക്കാവുന്ന തുക സ.ഉ.(സാധാ)നം.2493/2012/തസ്വഭവ തീയതി 03-09-2012 പ്രകാരം ₹75000/- ആണ്. ഗ്രാമപഞ്ചായത്ത് സ്വന്തമായി വാഹനം ഉണ്ടായിട്ട് തന്നെ തൻവർഷം ഈ ഇനത്തിൽ ₹151154/- ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (51/ 15-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹151154 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ - രേഖകൾ ലഭ്യമാക്കിയില്ല.

പദ്ധതിയുടെ ഭാഗമായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>നച്യാട് സർക്കിൾ |

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ |
| പ്രൊജക്റ്റ് നം. | 272/23 |
| അടങ്കൽ | തനത് ഫണ്ട് - ₹2,80,000 |
| ചെലവ് | ബിൽ നം. 231 തീയതി 25.02.2023 - ₹2,78,834 |

ഗ്രാമപഞ്ചായത്തിന്റെ MCFൽ ശേഖരിച്ചിട്ടുള്ള പുനചംക്രമണയോഗ്യമല്ലാത്ത അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുതിനുള്ള തുകയായി ₹2,78,834 മുകളിൽ കൊടുത്ത പ്രകാരം ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35/10.12.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് തുകയെ സാധൂകരിക്കുന്ന രേഖകളായ പാഴ് വസ്തുക്കളുടെ തൂക്കം രേഖപ്പെടുത്തുന്ന വെയിംഗ് ബ്രിഡ്ജ് രസീത്, ലെഗസി വെയ്സ്റ്റ് കൈമാറിയതായുള്ള സെക്രട്ടറിയുടെ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-39 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല.

2022-23 വർഷത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 6 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇവയിൽ 2021-22 സാമ്പത്തിക വർഷം ആദ്യ ഗഡു തുക കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഏതാനും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് ഭവന പദ്ധതി - എസ് ടി - അഡീഷണൽ ലിസ്റ്റ് (56/23)

| ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡുവായി നൽകിയ തുക, തീയതി | അവസാന ഗഡുവായി നൽകിയ തുക, തീയതി | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|
| ബിജു അരിയിൽ | 90,000 , 15.02.2022 | 70,000 , 28.10.2023 | 5,40,000 |
| ചിരുത കുഞ്ഞമ്പു | 80,000 , 25.03.2022 | 90,000 , 28.10.2023 | 5,40,000 |
| ദേവി | 1,30,000 ,15.02.2022 | 70,000 , 28.10.2023 | 5,40,000 |
| ഗോവിന്ദൻ തോയൻ | 40,000 , 15.02.2022 | 1,40,000 , 28.10.2023 | 5,40,000 |
| ജാനകി | 90,000 , 15.02.2022 | 1,10,000 , 28.10.2023 | 5,40,000 |
| ജാനകി മണ്ണത്ത് | 90,000 , 15.02.2022 | 2,10,000 , 28.10.2023 | 4,20,000 |
| കല്ല്യാണി | 90,000 , 15.02.2022 | 1,20,000 , 14.07.2022 | 2,10,000 |
| കാർത്ത്യായനി | 90,000 , 15.02.2022 | 2,10,000 , 28.10.2023 | 5,40,000 |
| കേളൻ മണ്ണത്ത് | 90,000 , 19.02.2022 | 1,00,000 , 28.10.2023 | 5,40,000 |
| കുംഭ പുലിക്കരി | 90,000 , 15.02.2022 | 1,00,000 , 28.10.2023 | 5,40,000 |
| ലീല | 90,000 , 15.02.2022 | 1,00,000 , 28.10.2023 | 5,40,000 |
| മനോഹരൻ | 90,000 , 15.02.2022 | 70,000 , 28.10.2023 | 5,40,000 |
| നാരായണൻ | 1,00,000 ,15.02.2022 | 60,000 , 28.10.2023 | 5,40,000 |
| നാരായണി | 1,00,000 ,15.02.2022 | 70,000 , 28.10.2023 | 5,40,000 |
| ഓമന | 90,000 , 15.02.2022 | 70,000 , 28.10.2023 | 5,40,000 |

| | | | |
|---|---|---|---|
| പത്മിനി | 90,000 , 15.02.2022 | 60,000 , 28.10.2023 | 5,40,000 |
| സംഗീത അച്യുതൻ | 90,000 , 15.02.2022 | 60,000 , 28.10.2023 | 5,40,000 |
| രാധ മല്ലിശേരി | 90,000 , 15.02.2022 | 60,000 , 28.10.2023 | 5,40,000 |
| ശാന്ത | 80,000 , 25.03.2022 | 70,000 , 28.10.2023 | 5,40,000 |
| സരോജിനി രാഘവൻ | 90,000 , 15.02.2022 | 60,000 , 28.10.2023 | 5,40,000 |
| സതി മച്ചിനി | 90,000 , 15.02.2022 | 60,000 , 13.09.2022 | 4,20,000 |
| ഷൈലജ | 90,000 , 15.02.2022 | 1,40,000 , 28.10.2023 | 5,40,000 |
| ഷൈനി പി കെ | 80,000 , 25.03.2022 | 1,00,000 , 28.10.2023 | 5,40,000 |
| സുധീശൻ ഗീത | 1,00,000 ,15.02.2022 | 70,000 , 28.10.2023 | 5,40,000 |
| രാധ നാരായണൻ | 90,000 , 15.02.2022 | 90,000 , 28.10.2023 | 5,40,000 |
| രാജൻ പി എ | 90,000 , 15.02.2022 | 70,000 , 28.10.2023 | 5,40,000 |
| രാമചന്ദ്രൻപുതുശേരി | 90,000 , 15.02.2022 | 60,000 , 28.10.2023 | 5,40,000 |
| രമണി രാജൻ | 80,000 , 25.03.2022 | 90,000 , 28.10.2023 | 5,40,000 |
| രവി പള്ളത്ത് | 90,000 , 15.02.2022 | 90,000 , 28.10.2023 | 5,40,000 |
| റീന കെ | 80,000 , 25.03.2022 | 70,000 , 28.10.2023 | 5,40,000 |
| സ്വപ്ന | 90,000 , 15.02.2022 | 1,70,000 , 28.10.2023 | 4,20,000 |

ലൈഫ് ഭവന പദ്ധതി - എസ് സി - അഡീഷണൽ ലിസ്റ്റ് (55/23)

| ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡുവായി നൽകിയ തുക, തീയതി | അവസാന ഗഡുവായി നൽകിയ തുക, തീയതി | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|
| ഷൈജു പി വി | 40,000, 01.06.2021 | 1,10,000, 02.02.2023 | 3,60,000 |
| ഷൈലജ ടി വി | 40,000, 01.06.2021 | 1,10,000, 02.02.2023 | 3,60,000 |

മേൽ പട്ടികകളിൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 ഭവന പുനരുദ്ധാരണ പദ്ധതി അപാകങ്ങൾ

പൊതു വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വീടുകളുടെ മേൽക്കൂരയുടെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം.115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 6-7-3 പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കുന്നതിന് പൊതു വിഭാഗത്തിന് പരമാവധി ₹75,000 അനുവദിക്കാവുന്നതാണ്. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>വയത്തൂർ സർക്കിൾ |
| പദ്ധതിയുടെ പേര് | ഭവന പുനരുദ്ധാരണം - ജനറൽ |
| പ്രൊജക്ട് നം | 125/23 |

| | |
|---|---|
| അടങ്കൽ | വികസനഫണ്ട് (പൊതുവിഭാഗം) - ₹35,00,000<br>വികസനഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) - ₹15,00,000<br>ആകെ - ₹50,00,000 |
| ചെലവ് | ബിൽ നം. 177 തീയതി 20.01.2023 ₹20,75,000<br>ബിൽ നം. 195 തീയതി 14.02.2023 ₹1,75,000<br>ബിൽ നം. 206 തീയതി 16.02.2023 ₹75,000<br>ബിൽ നം. 222 തീയതി 23.02.2023 ₹50,000<br>ബിൽ നം. 225 തീയതി 24.02.2023 ₹5,75,000<br>ബിൽ നം. 230 തീയതി 25.02.2023 ₹1,50,000<br>ബിൽ നം. 255 തീയതി 08.03.2023 ₹3,00,000<br>ബിൽ നം. 256 തീയതി 08.03.2023 ₹1,00,000<br>ബിൽ നം. 265 തീയതി 09.03.2023 ₹1,25,000<br>ബിൽ നം. 288 തീയതി 14.03.2023 ₹3,75,000<br>ബിൽ നം. 323 തീയതി 21.03.2023 ₹3,00,000<br>ബിൽ നം. 354 തീയതി 24.03.2023 ₹3,50,000<br>ബിൽ നം. 389 തീയതി 29.03.2023 ₹1,00,000<br>ബിൽ നം. 409 തീയതി 30.03.2023 ₹1,50,000<br>ആകെ - ₹49,00,000 |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 39/12.12.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുടെ വാല്യുവേഷൻ റിപ്പോർട്ടുകൾ പ്രകാരം ഗുണഭോക്താക്കൾ വീടുകളുടെ മേൽക്കൂരയുടെ നിർമാണ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി ശോശാമ്മ വർഗീസ് കാഞ്ഞിരംകുഴിയിൽ എന്ന വ്യക്തിക്ക് ₹75,000യാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ടിയാരിയുടെ ഭവന പുനരുദ്ധാരണത്തിന്റെ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം പ്രവൃത്തിക്ക് ₹72,000യാണ് ചെലവായിട്ടുള്ളത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് പരിപാലിക്കുന്ന രജിസ്റ്ററിൽ ടിയാരിക്ക് ₹50,000 അനുവദിച്ചിട്ടുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാരിക്ക് അധികം അനുവദിച്ച തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2) പദ്ധതിയുടെ ഭാഗമായി തുക അനുവദിച്ച ടി സി ജോർജ്ജ്, ലാലിസ് സക്കറിയ എന്നീ ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കൾക്ക് ആരോഗ്യ പ്രശ്നങ്ങൾ കാരണമാണ് ഭവന നിർമാണം പൂർത്തിയാക്കാൻ സാധിക്കാതിരുന്നതെന്നും 2023-24ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. നിർമാണം പൂർത്തീകരിക്കാത്ത പക്ഷം ഗുണഭോക്താക്കൾ കൈപ്പറ്റിയ പണം തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-41 മരണശേഷവും പെൻഷൻ തുക അനുവദിച്ചു.

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷ കാലത്ത് ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക

അനുവദിച്ചിട്ടുണ്ട്.

1. ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾ

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഏലിയാമ്മ ജോസഫ് | 111300201655 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16.12.2022 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2023 ജൂൺ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 2 | തങ്കപ്പൻ പി | 111300200582 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14.12.2022 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2023 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 3 | ഏലിയാമ്മ വി ഒ | 110960203693 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 06.11.2022 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2023 ഫെബ്രുവരി മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |

2. ഉളിക്കൽ ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട , മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | തദ്ദേശ സ്വയം ഭരണ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ലീലാമ്മ ജോർജ്ജ് | 111630201043 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | 22.02.2023 | ആറളം ഗ്രാമ പഞ്ചായത്ത് | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2023 ജൂൺ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപി ച്ചിട്ടുണ്ട്. |
| 2 | മറിയം ചാണ്ടി | 111180203267 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 19.11.2022 | നടുവിൽ ഗ്രാമ പഞ്ചായത്ത് | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2023 ഫെബ്രുവരി മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗ ണ്ടിൽ നിക്ഷേപി ച്ചിട്ടുണ്ട്. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/12.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുക തിരികെ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ധനകാര്യ (എസ് എഫ് ബി - ബി) വകുപ്പിന്റെ സർക്കുലർ നം. 63/2021/ധന തീയതി 02.08.2021 പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാരിന്റെ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10 ാം തീയതിക്ക മുൻപ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് സമയബന്ധിതമായി നീക്കം ചെയ്യുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഉളിക്കൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ജനങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-42 ഉളിക്കൽ പ്രൈമറി ഹെൽത്ത് സെന്റർ-ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കിയിട്ടില്ല

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്ന കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫോറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട്

ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). ഉളിക്കൽ എഫ്.എച്ച്,സി ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ 2013-14 സാമ്പത്തിക വർഷം വരെയുള്ള വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് പൂർത്തിയായിട്ടുള്ളതാണ്. എന്നാൽ 2014-15 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം. 3/05/ആ.കു.വ. നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നമ്പർ-28/8-12-2023) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-43 മരാമത്ത് പദ്ധതികളുടെ നിർവഹണം പൊതു അപാകങ്ങൾ

ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ 2022-23 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) ഭൂരിഭാഗം പ്രോജക്ടുകളും നിർവ്വഹണം നടത്തിയിട്ടില്ല.

2022-23 വർഷത്തിൽ 127 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും 42 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. പദ്ധതി നിർവ്വഹണത്തിലെ ഈ പാളിച്ച സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2) ക്യാഷ് ബുക്ക് പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2022-23ലെ ക്യാഷ് ബുക്ക് പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 04-01-2023ന ശേഷം ക്യാഷ് ബുക്കിൽ എൻട്രികൾ നടത്തിയിട്ടില്ല.

3) ഇ ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2022-23ലെ അസിസ്റ്റന്റ് എൻജിനീയറുടെ ഇ ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-44 ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20-01-2017ലെ ജി.ഒ(ആർ.ടി)166/2017/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ ഖണ്ഡിക 2-2ൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടോ എന്നും, ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും അറിയിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (16/06-12-2023) മറുപടി നല്കിയിട്ടില്ല.

19-04-2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 6.8 നമ്പർ ഖണ്ഡികയിൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്, സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനം ഉറപ്പു വരുത്തേണ്ടതുമാണ്. അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്നും, പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും അറിയിക്കേണ്ടതും, മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-45 പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി - വിവരം ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28-05-2022ലെ സ.ഉ.(കൈ)115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.5.1 ൽ സംരഭകത്വ

വികസനവും നൈപുണ്യ വികസനവും പ്രധാന ഘടകങ്ങളായി ഉൾപ്പെടുത്തി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഒരു പദ്ധതി (LED Plan) കൂടി 2022-23 മുതൽ തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 04-01-2023ലെ സ.ഉ. (കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രാദേശിക സാമ്പത്തിക വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (17/06-12-2023) മറുപടി നല്കിയിട്ടില്ല. 04-01-2023ലെ സ.ഉ.(കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള സംഘടനാ സംവിധാനം രൂപീകരിക്കുന്നതിനും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച മറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ഈ വിഷയം ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-46 വയോജന സംഗമം - ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 106/23 വയോജന സംഗമം |
| അടങ്കൽ ₹50000 | ₹160000-(വികസന ഫണ്ട് -ജനറൽ) |
| ചെലവ് | ₹159990 |
| ബിൽ നമ്പർ, തീയതി, തുക | 22220652007801423215/21-3-23, ₹159990 |

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

നേരിട്ട് വാങ്ങുന്നതിന് അനുമതിയില്ലാത്ത ഇനങ്ങളുടെ വാങ്ങലുകൾക്ക് 8-11-2010ലെ ജി ഒ(പി)നം.259/2010/തസ്വഭവ പ്രകാരമുള്ള പ്രൊക്വയർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കുമെന്ന് സ.ഉ (കൈ)നം.115/22/തസ്വഭവ തീയതി 28-5-22 ഖണ്ഡിക 2.20ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതു പ്രകാരം ₹25000 മുതൽ ₹100000 വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ നടപടികളിലൂടെയാണ് ഇ സിറ്റി, മൈസൂർ എന്ന സ്ഥാപനത്തിൽ നിന്നും വയോജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി 78000/- രൂപക്ക് ഗ്ലാസ് ജഗ്ഗ് വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ 6/06-12-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സമയക്കുറവ് മൂലം ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല എന്നാണ് അറിയിച്ചത്. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്വയർമെന്റ് മാർഗ്ഗരേഖ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-47 എസ്.എൽ.ബി.പി. പദ്ധതി നിർവ്വഹണം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ട് നമ്പർ | 153/23 |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹2000000<br>(₹1000000 വികസന ഫണ്ട് പൊതു വിഭാഗം, ₹1000000 (ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്) |
| ചെലവഴിച്ച തുക | ₹500000 വികസന ഫണ്ട് |
| ബിൽ നമ്പർ, തീയതി | 191/13-02-2023 |

മേൽ സൂചിപ്പിച്ചു പ്രകാരം ₹500000 എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജി.എസ്.റ്റി കോമ്പൻസേഷൻ തെറ്റായി അനുവദിച്ചു.₹4761 യുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| പ്രോജക്ട് നമ്പർ | 63/23 |
| പ്രോജക്ടിന്റെ പേര് | പേരട്ട കല്ലം തോട് കോളനി തേർമല കംഭം കോട് കോളനി കുടി വെള്ള പദ്ധതികൾക്ക് മോട്ടോറും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ |
| അടങ്കൽ | ₹163777 വികസന ഫണ്ട് ടി.എസ്.പി |
| ചെലവഴിച്ച തുക | ₹162833 |
| എം ബുക്ക് നമ്പർ | 67/21-22 |
| കരാറുകാരൻ | ശ്രീ.കെ.എസ്. ജോസഫ് |
| എസ്റ്റിമേറ്റ് തുക | ₹400000 |
| പ്രവൃത്തി മൂല്യം | ₹356300.31 |
| മുൻ വർഷം നൽകിയ തുക | ₹236223 |
| തൻവർഷം അനുവദിച്ച തുക | ₹162833 |
| ബിൽ നമ്പർ/ | 19/7-6-2022/₹162833 |

| | |
|---|---|
| തീയതി | |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി മോട്ടോർ, അനുബന്ധ സാമഗ്രികൾ എന്നിവ എ.കെ. ബ്രദേഴ്സ്, ഇരിട്ടി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന്റെ ബില്ലുകൾ കരാറുകാരൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ₹39675 കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|---|
| 1 | D/132/6-01-2022 | 19600 |
| 2 | D/133/6-01-2022 | 17400 |
| 3 | C/1419/26-01-2022 | 2675 |
| ആകെ | | 39675 |

ജി.എസ്.റ്റി. ഉൾപ്പെടെയുള്ള ബിൽ ആണ് കരാറുകാരൻ ഹാജരാക്കിയത്. എന്നിട്ടും ടിയാന് പ്രവർത്തി തുകയുടെ ബില്ലിൽ ഈ തുക കൂടി കൂട്ടിച്ചേർത്ത തുകകയ്ക്ക് 12% ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചിരിക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹356300.31 |
| മോട്ടോർ & അനുബന്ധ വസ്തുക്കൾ ഒഴികെയുള്ള പ്രവൃത്തി മൂല്യം (356300.31-39675) | 316625.31 |
| പ്രസ്തുത തുകയ്ക്ക് കണക്കാക്കാവുന്ന ജി.എസ്.റ്റി @ 12% | 37995 |
| അനുവദിച്ച ജി.എസ്.റ്റി തുക | 42756.04 |
| അധികം നൽകിയ തുക (42756-37995) | 4761 |

അനർഹമായി തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-3/05-12-2023)മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹4761 ഓഡിറ്റിൽ നിരാകരിക്കുന്നു. കരാറുകാരനിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ പ്രസ്തുത തുക ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 13-12-2023, 14-12-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1889/2023 തീയതി: 26.12.2023. |

## 4-2 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കണ്ണൂർ ജില്ല | 2022-23 | 350000 | നെൽകൃഷികൂലി ചെലവ് | 350000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി(പ്രോജക്റ്റ് നം-219/23) | | |
| | 2022-23 | 2009800 | ലൈഫ്- ഭവന നിർമ്മാണം-പട്ടിക വർഗ്ഗം(അഡിഷനൽ ലിസ്റ്റ് ) (പ്രോജക്റ്റ് നം-56/23) | 2009800 | 0 |
| | 2022-23 | 200000 | ലൈഫ്- ഭവന നിർമ്മാണം-(ജനറൽ) (പ്രോജക്റ്റ് നം-53/23) | 200000 | 0 |
| പഞ്ചായത്ത് | 2022-23 | 200000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്റ്റ് നം-92/23) | 200000 | 0 |
| | 2022-23 | 464000 | ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് (പ്രോജക്റ്റ് നം-151/23) | 464000 | |
| | 2022-23 | 238490 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗോത്രസാരഥി പദ്ധതി (പ്രോജക്റ്റ് നം-25/23) | 238490 | 0 |
| ആകെ | | 3462290 | | 3462290 | 0 |
| | 2022-23 | 708000 | ലൈഫ്- ഭവന നിർമ്മാണം-പട്ടിക ജാതി(അഡിഷനൽ ലിസ്റ്റ് ) (പ്രോജക്റ്റ് നം-55/23) | 708000 | 0 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് ആകെ | 2022-23 | 300000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്റ്റ് നം-92/23) | 300000 | 0 |
| | 2022-23 | 150000 | അനുപൂരക പോഷകാഹാര പരിപാടി (പ്രോജക്റ്റ് നം-13/23) | 150000 | 0 |
| | 2022-23 | 545000 | ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് (പ്രോജക്റ്റ് നം-151/23) | 545000 | 0 |
| | | 1703000 | | 1703000 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വനം വകുപ്പ് | ആനപ്പാറ മുതൽ തൊട്ടിപ്പാലം വരെ ഹാങ്ങിങ്ങ് സോളാർ ഫെൻസിംഗ് (പ്രോജക്ട് നം-225/23) | 236/28.02.2023 | ₹500000 | 0 | ₹500000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ₹13605440 വരവുണ്ട്. വായ്പയിനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള ₹58770549 യിൽ തൻവർഷം ₹4804092 തിരിച്ചടച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | തിരിച്ചടക്കാൻ ബാക്കി യുണ്ടായിരുന്ന തുക (തൻവർഷം എടുത്തത് ഉൾപ്പെടെ) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | സ.ഉ (എം.എസ്) നം.68/2018/ ത.സ്വ.ഭ.വ/18-5-2018 | 69374550 (55769110+ 13605440) | 58770549 (45165109+ 13605440) | 4804092 | | 53966457 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | 1,00,00,000 |
| തൻവർഷം നിക്ഷേപിച്ചത് | 0 |
| ആകെ | 1,00,00,000 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 1,00,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി തീയതി | തുക ₹ |
|---|---|---|---|
| 1 | ഉളിക്കൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്<br>002002019704/1-7-2022<br>പലിശ നിരക്ക്- 7% | 1-7-2023 | 50,00,000 |
| 2 | ഉളിക്കൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്<br>00200202021/9-6-2022<br>പലിശ നിരക്ക്- 7% | 9-6-2023 | ₹50,00,000 |
| | ആകെ | | ₹1,00,00,000 |

സ്ഥിര നിക്ഷേപ പലിശ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹34977 യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | 1-26 | 10099 | രാജീവ് തോമസ്, പി.ഡബ്ല്യഡി കോൺട്രാക്ടർ | 1220101327, 25-07-2022 |
| 2020-21 | 1-37 | 23978 | സരുൺ തോമസ്, പി.ഡബ്ല്യഡി കോൺട്രാക്ടർ | 1220101331, 25-07-2022 |
| 2020-21 | 1-17(2) | 200 | ഷിബിൻ. സി.എസ് | 1220101484, 06-08-2022 |
| 2020-21 | 1-17(3) | 100 | ആന്റോ ജോസഫ് | 1220101478, 06-08-2022 |
| 2020-21 | 1-17(4) | 400 | സബാസ്റ്റ്യൻ തോമസ് | 1220101479, 06-08-2022 |
| 2020-21 | 1-17(5) | 50 | ജോസഫ്. കെ.സി | 1220101480, 06-08-2022 |
| 2020-21 | 1-17(6) | 100 | ജനാർദ്ദനൻ | 1220101481, 06-08-2022 |
| 2020-21 | 1-17(7) | 50 | ഷൈനി രാജീവൻ | 1220101482, 06-08-2022 |
| ആകെ | | ₹34977 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം 3 | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2.2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 81853975 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 66234607 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4761 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5085196 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേര് |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 1-36 | | 4761 | ശ്രീ. ജ്യോതിഷ്ബാബു,കെ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| 1-25 | 177000 | ശ്രീ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| 1-26 | 100000 | ശ്രീ. ബാബുജോസഫ്. വി, സെക്രട്ടറി |
| 1-27 | 2000000 | ശ്രീ. ബാബുജോസഫ്. വി, സെക്രട്ടറി |
| 1-28 | 50000 | ശ്രീ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| 1-29 | 500000 | ശ്രീ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| 1-30 | 204900 | ശ്രീ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| 1-31 | 1656820 | ശ്രീ. വിഷ്ണുരാജ്. പി, വി.ഇ.ഒ, നച്യാട് സർക്കിൾ |
| 1-32 | 6687 | ശ്രീ. വിഷ്ണുരാജ്. പി വി.ഇ.ഒ, നച്യാട് സർക്കിൾ |
| 1-34 | 120000 | ശ്രീമതി. സരിത. കെ.വി, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-35 | 118635 | ഡോ. രഞ്ജിത് മാത്യു, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-37 | 151154 | ശ്രീ. ബാബുജോസഫ്. വി, സെക്രട്ടറി |
| | 5085196 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജ്യോതിഷ്ബാബു, കെ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കണ്ണൂർ കോർപ്പറേഷൻ | കണ്ണിത്തോട്ടത്തിൽ ഹൗസ്<br>ചെടികുളം പി.ഒ<br>കണ്ണൂർ-670592 |
| ശ്രീ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി | വിരമിച്ചു | പുതിയമടത്തിൽ<br>കൊളാരി പി.ഒ<br>പിൻ -670702 |
| ശ്രീ. ബാബുജോസഫ്. വി, സെക്രട്ടറി | വിരമിച്ചു | വാളിയാങ്കൽ ഹൗസ്<br>കടത്തും കടവ്<br>ഇരിട്ടി പി.ഒ |
| ഡോ. രഞ്ജിത് മാത്യു, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി<br>ഉളിക്കൽ ഗ്രാമ പഞ്ചായത്ത് | ഒറ്റപ്ലാക്കൽ ഹൗസ്<br>അങ്ങാടികടവ് പി.ഒ<br>കണ്ണൂർ |
| ശ്രീ. വിഷ്ണുരാജ്. പി, വി.ഇ.ഒ, നച്യാട് സർക്കിൾ | വി.ഇ.ഒ, നച്യാട് സർക്കിൾ | പുത്തൻപുരക്കൽ ഹൗസ്<br>നെല്ലിക്കുഴി പി.ഒ<br>എർണാകുളം-686691 |
| ശ്രീമതി. സരിത. കെ.വി, ഫിഷറീസ് സബ്ഇൻസ്പെക്ടർ | അസി.ഫിഷറിസ് എക്സ്റ്റൻഷൻ ഒഫീസർ<br>തലശ്ശേരി | പ്രസാദ് നിവാസ്<br>പഴശ്ശി പാവന്നൂർമെട്ട<br>പി.ഒ -670602 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 01 |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 02 |
| 2008-09 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 06 |
| 2012-13 2013-14 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 05 |
| 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 06 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 03 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 02 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 01 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 05 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 778/22 തീയതി 27-06-2022 | 27 |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 779/22 തീയതി 27-06-2022 | 27 |
| 2021-22 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 346/22 തീയതി 29-03-2023 | 31 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 65/2023 dated 06-07-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Ulikkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ulikkal Grama Panchayat for the year 2022-2023

Date: 26/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Ulikkal Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents

2.The following mandatory financial statements prescribed in accounting rules are not submitted for audit

a) Ratios (Kerala Panchayath Raj account rules, 2011- Rule 62 F)
b) Notes on account (Kerala Panchayath Raj account rules 2011, Rule 62 E

3. Asset register is not updated validating the amount shown in Annual Financial Statement.

4. Calculation sheet to verify the values of asset and depreciation shown in Annual Financial Statement have not been produced for verification in audit.

5. Amount deposited to Divisional Forest Officer, Kannur for providing Solar Fencing from protection of wild animals was booked as assets instead of booking under the head advance to implementing agencies.

6. Details of amount shown under the head Joint Venture Project from District Panchayath share in B 4 schedule Rs.248389 had not been made available for verification in audit.

7. Balance amount booked in B4 schedule under the heads of account Central Finance commission grant(tied fund) , Central finance commission grant -untied basic grant differs from the actual balance by an amount of Rs.59661.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1) RECEIPT & PAYMENT STATEMENT

| | | | |
|---|---|---|---|
| Ulikkal Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 31673388.00 |
| Cash | Cash | RP-40(a) | 318687.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2676880.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 1220849.00 |
| 150000000 | Sale & Hire Charges | RP-5 | 172087.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 17735000.00 |
| 171000000 | Interest Earned | RP-9 | 609785.00 |
| 190000000 | Prior Period Income | RP-11 | 73642.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 600.00 |
| 311000000 | Earmarked Funds | RP-28 | 32916.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 26220481.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-45 | 15734537.00 |
| 460000000 | Loans, Advances and Deposits | RP-49 | 88090.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 675000.00 |
| 180000000 | Other Income | RP-10 | 35437.00 |
| 330000000 | Secured Loans | RP-31 | 13605440.00 |
| 340000000 | Deposits Received | RP-33 | 1735968.00 |
| 350000000 | Other Liabilities | RP-35 | 1237263.00 |
| | Grand total | | 113846050.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 26780.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 1085118.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9626523.00 |
| 460000000 | Loans, Advances and Deposits | RP-49 | 2192177.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 148270.00 |

2)INCOME & EXPENDITURE STATEMENT

| Ulikkal Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | I-1 | 9203585.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1790392.00 |
| 140000000 | Fee & User Charges | I-4 | 1808925.00 |
| 150000000 | Sale & Hire Charges | I-5 | 174229.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 253334560.00 |
| 170000000 | Income from Investments | I-7 | 675000.00 |
| 171000000 | Interest Earned | I-8 | 609785.00 |
| 180000000 | Other Income | I-9 | 35437.00 |
| 190000000 | Prior Period Income | I-19 | 740504.00 |
| | Total Income | | 267631913.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 15927074.00 |
| 220000000 | Administrative Expenses | I-11 | 824791.00 |
| 230000000 | Operations & Maintenance | I-12 | 1892298.00 |
| 240000000 | Interest & Finance Charges | I-13 | 24862.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10114995.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 51212747.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 1163522.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 78227496.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 63652307.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 2018757.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 33563525.00 |
| | Total Expenditure | | 258622374.00 |
| | Gross Surplus / Deficit of income over Expenditure | | 9009539.00 |
| | Gross Surplus / Deficit of income over Expenditure | | 9749443.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -600.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 739904.00 |

3)BALANCE SHEET

Ulikkal Grama Panchayat
BALANCE SHEET

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 75890746.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 13287.00 |
| 312000000 | Reserves | B-3 | 142720972.00 |
| | Total Reserve & Surplus | | 218625005.30 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 29035331.00 |
| | Total Grants, Contributions for Specific Purposes | | 29035331.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 53966457.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 53966457.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3296334.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3069831.70 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 6366165.70 |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 307992959.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 12706863.00 |
| 412000000 | Capital Work in Progress | B-11(b) | 2841223.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 708882.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 13949678.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 308372943.00 |
| 416000000 | Accumulated Depreciation | B-11(a) | -149934141.00 |
| | Total Fixed Assets | | 188645448.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10000000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 10000000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 9754770.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 48699776.00 |
| 450000000 | Cash and Bank Balance | B-17 | 47611443.00 |
| 460000000 | Loans, Advances and Deposits | B-18 | 3281522.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |

| | | | |
|---|---|---|---|
| | Total Current Assets, Loans and Advances | | 109347511.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 307992959.00 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്